## കേരള സർക്കാർ

### സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ മരണപ്പെട്ട Sep.ബിജു.പി യുടെ ഭാര്യ ശ്രീമതി.ഷംന.കെ-യ്ക്ക് കണ്ണൂർ ജില്ലയിൽ ലാന്റ് റവന്യൂ വകുപ്പിൽ നിലവിലുള്ള ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### സൈനിക ക്ഷേമ (എ) വകുപ്പ്

**സ.ഉ(കൈ)നം.19/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം:01.06.2022**

---

പരാമർശം:- 1. 29.04.2002 ലെ സ.ഉ (പി)110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.
2. 23.03.2022 ലെ സ.ഉ(കൈ)നം.12/2022/സൈ.ക്ഷേ.വ നമ്പർ സർക്കാർ ഉത്തരവ്.
3. കണ്ണൂർ ജില്ലാ കളക്ടറുടെ 1.5.2022 ലെ DCKNR/1612/2021-A2 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം സൈനിക സേവനത്തിലിരിക്കെ ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യയിലോ വച്ച് High Altitude കാരണമോ മോശമായ കാലാവസ്ഥ മൂലമോ ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യയ്ക്കുള്ളിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനത്തിലോ, കെണിയിൽപ്പെട്ടോ, വാഹനാപകടത്തിലോ കൊല്ലപ്പെട്ടുകയോ / അംഗഭംഗം സംഭവിക്കുകയോ/ കാണാതാകുകയോ ചെയ്യുന്ന ജവാന്റെ ഒരു ആശ്രിതന് / ആശ്രിതയ്ക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്സ് III / IV കാറ്റഗറിയിലെ താഴ്ന്ന ഗ്രേഡിൽ തൊഴിൽ സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

**2.** അതിൻ പ്രകാരം സൈനിക സേവനത്തിനിടെ മരണപ്പെട്ട Sep.ബിജു.പി യുടെ ഭാര്യ ശ്രീമതി.ഷംന.കെ-യ്ക്ക് കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ് എന്നും ഉത്തരവായിരുന്നു.

3. ശ്രീമതി.ഷംന.കെ-യ്ക്ക് തൊഴിൽ സഹായം നൽകുന്നതിന് കണ്ണൂർ ജില്ലയിൽ ലാന്റ് റവന്യൂ വകുപ്പിൽ ക്ലാർക്ക് / വി.എ തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട് എന്ന് പരാമർശം 3 ലെ കത്ത് പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ 5.10.2014 ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട Sep.ബിജു.പി യുടെ ഭാര്യ ശ്രീമതി.ഷംന.കെ, പാറങ്ങോട്ടു ഹൗസ്, മലപ്പട്ടം.പി.ഒ, മലപ്പട്ടം വില്ലേജ്, തളിപ്പറമ്പ് താലൂക്ക്, കണ്ണൂർ ജില്ല- യ്ക്ക് പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, ലാന്റ് റവന്യൂ വകുപ്പിൽ കണ്ണൂർ ജില്ലയിൽ നിലവിലുള്ള ക്ലാർക്ക് / വി.എ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം നിയമനം നൽകി ടിയാനെ ലാന്റ് റവന്യൂ വകുപ്പിൽ നിയമിക്കുന്നതിനുള്ള നടപടി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

5. പ്രസ്തുത നിയമനത്തിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

1. ഒരിക്കൽ സ്വീകരിച്ച നിയമനം അന്തിമമായിരിക്കും. നിയമന മാറ്റം അനുവദിക്കുന്നതല്ല.

2. നേരിട്ട് നിയമനം നേടുന്ന ജീവനക്കാരെപ്പോലെ തന്നെ ഈ പദ്ധതി പ്രകാരം നിയമനം ലഭിച്ചവർക്കും സ്വഭാവ സർട്ടിഫിക്കറ്റും മറ്റ് ഔപചാരികതകളും ബാധകമാണ്.

3. ഈ പദ്ധതി പ്രകാരം നിയമനം ലഭിക്കുമ്പോൾ ഹാജരാക്കുന്ന യോഗ്യതകളോ, വസ്തുതകളോ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതായിരിക്കും.

4. അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകിയ വിവരം ജില്ലാ കളക്ടർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

5. ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ പുതിയ പാസ് പോർട്ട് സൈസ് ഫോട്ടോ ശ്രീമതി.ഷംന.കെ നിയമന അധികാരിക്ക് മുമ്പാകെ ഹാജരാക്കേണ്ടതാണ്.

6. അപേക്ഷക ഡ്യൂട്ടിയിൽ പ്രവേശിച്ച് ഒരാഴ്ചയ്ക്കകം പ്രസ്തുത വിവരം, ജില്ലാ കളക്ടർ, സർക്കാരിൽ അറിയിക്കേണ്ടതാണ്.

7. നിയമനം കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. ശ്രീമതി.ഷംന.കെ, പാറങ്ങോട്ട ഹൗസ്, മലപ്പട്ടം.പി.ഒ, മലപ്പട്ടം വില്ലേജ്, തളിപ്പറമ്പ് താലൂക്ക്, കണ്ണൂർ ജില്ല-670 631. (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)
2. ലാന്റ് റവന്യൂ കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ആഫീസ് ബിൽഡിംഗ്, തിരുവനന്തപുരം - 33.
3. ജില്ലാ കളക്ടർ, കണ്ണൂർ (തൊഴിൽ സഹായ അപേക്ഷയുടേയും അനുബന്ധ രേഖകളുടേയും പകർപ്പ് ഉൾപ്പെടെ)
4. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
8 സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ